പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.151 — 1.12.2008 ൽ മറുപടിയ്ക്ക്

## മൃഗാശുപത്രികളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. രാജു എബ്രഹാം:<br>ശ്രീ. കെ.സി. രാജഗോപാലൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീ.വി.ശശികുമാർ: | | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) സംസ്ഥാനത്തെ മൃഗാശുപത്രികൾ നവീകരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ മൃഗാശുപത്രികൾ നവീകരിക്കുന്നതിൻെറഭാഗമായി 'മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും', 'മൃഗാശുപത്രികളുടെ സേവനങ്ങൾശക്തിപ്പെടുത്തൽ' എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. ഇതിലേയ്ക്കായി 97.9 ലക്ഷം രൂപ രോഗനിർണ്ണയ ലാബുകൾ ശക്തിപ്പെടുത്തുന്നതിനും, 25 ലക്ഷം രൂപ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ജില്ലാ റഫറൽ യൂണിറ്റുകളായി വികസിപ്പിക്കുന്നതിനും, 14 ലക്ഷം രൂപ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനുള്ള ചെലവിനായും 30 ലക്ഷം രൂപ സ്വന്തമായി കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ പണിയുന്നതിന് ധനസഹായം നൽകുന്നതിനും വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഈ വർഷം എത്ര വെറ്ററിനറി ഡിസ്പെൻസറികൾ മൃഗാശുപത്രിയായി ഉയർത്തിയിട്ടുണ്ട്; | (ബി) | ഈ വർഷം വെറ്ററിനറി ഡിസ്പെൻസറികൾ ഒന്നും തന്നെ മൃഗാശുപത്രിയായി ഉയർത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ആശുപത്രികളിലെ മരുന്നു ദൗർ ലഭ്യം പരിഹരിക്കുന്നതിന് നട പടി സ്വീകരിക്കുമോ; | (സി) | മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപ നങ്ങളിലേക്ക് ആവശ്യമായ എല്ലാ മരു ന്നുകളും വാങ്ങുന്നതിന് പര്യാപ്തമായ തുക വാർഷിക ബഡ്ജറ്റിൽ വകയിരു ത്താറില്ല. മരുന്നുകൾ പൂർണ്ണമായ അള വിൽ വാങ്ങുന്നതിന് ഏകദേശം 16 കോടിയോളം രൂപ വേണ്ടി വരും. 2007-08 സാമ്പത്തിക വർഷം മരുന്നു കൾ വാങ്ങുന്നതിന് ബഡ്ജറ്റിൽ വകയി രുത്തിയിരുന്നത് 675 ലക്ഷം രൂപയാണ്. ഇതിൽ 300.76 ലക്ഷം രൂപ 2006-07 ൽ മരുന്നു വാങ്ങിയ ഇനത്തിൽ കുടിശ്ശിക തീർക്കാനുള്ളതായിരുന്നു . ബാക്കി 374.24 ലക്ഷം രൂപയ്ക്കുള്ള മരുന്നുകൾ 2007-08സാമ്പത്തിക വർഷത്തിൽ വാങ്ങുന്നതിന് നീക്കി വച്ചതിൽ ഏക ദേശം 364 ലക്ഷം രൂപയ്ക്കുള്ള മരുന്നു കൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ ആകെ 850 ലക്ഷം രൂപയാണ് മരുന്നു കൾ വാങ്ങുന്നതിന് വകയിരുത്തിയി ട്ടുള്ളത്. ഇതിൽ കുടിശ്ശിക തീർക്കുന്ന തിന് 390 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ബാക്കി തുകയായ 460 ലക്ഷം രൂപ യാണ് 2008-09 സാമ്പത്തിക വർഷ ത്തിൽ മരുന്നു വാങ്ങുന്നതിന് ബാക്കി യുള്ളത്. ഈ തുക കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ഏല്പിച്ച് ആ സ്ഥാപനം മുഖാന്തരം മരു ന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതി നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഡി) കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ എത്ര കേന്ദ്രങ്ങളിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ഡി) 2981 കേന്ദ്രങ്ങളിൽ. |
| (ഇ) ഏതെല്ലാം ജില്ലകളിലാണ് കന്നുകാലികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുള്ളത്; | (ഇ) 2007 ൽ സെൻസസ് നടത്തിയപ്പോൾ കന്നുകാലികളുടെ എണ്ണത്തിൽ കുറവുണ്ടായതാണ് കണ്ടതെങ്കിലും പശുഗ്രാമം പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, സുനാമി പുനരധിവാസ പദ്ധതി തുടങ്ങിയ നടപ്പിലാക്കിയതു വഴി എല്ലാ ജില്ലകളിലുമായി 21336 പശുക്കളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (എഫ്) കന്നുകാലികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കർഷകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും മൃഗാശുപത്രികളിലെ സൗകര്യവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 152

1.12.2008 ൽ
മറുപടിയ്ക്ക്

## സൈബർ സിറ്റി

| | | | |
|---|---|---|---|
| | ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ ;<br>ശ്രീ. എം. മുരളി ;<br>ശ്രീ. കെ. ബാബു ; | | ഉത്തരം<br>ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) | കളമശ്ശേരിയിൽ സൈബർ സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | എ) | സർക്കാർ ഉടമസ്ഥതയിലോ സർക്കാർ പങ്കാളിത്തത്തിലോ കളമശ്ശേരിയിൽ Cyber City എന്ന പേരിൽ ഒരു സ്ഥാപനമില്ല.<br><br>**Blue Star Realtors Pvt. Ltd.** എന്ന കമ്പനി **HDIL Cyber City** എന്ന പേരിൽ ഒരു ഐ.ടി. പാർക്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) | ഇത് പണി പൂർത്തിയാക്കി എന്ന് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | ബി) | ഐ.ടി. പാർക്കിന് SEZ ലഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും അവരുടെ ഭൂമിയെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ ഉള്ളതിനാൽ പ്രസ്തുത കേസുകൾ തീർപ്പായ ശേഷം ഈ അപേക്ഷ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.153 — 01.12.2008 ൽ മറുപടിക്ക്

## പറമ്പിക്കുളം അളിയാർ പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോർജ് മേഴ്സിയർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പറമ്പിക്കുളം അളിയാർ പ്രോജക്ട് സംബന്ധിച്ച കരാർ പുനരവലോകനം ചെയ്യേണ്ടതെന്നായിരുന്നു; | (എ) | 1988 ൽ |
| (ബി) | ഈ കരാർ പുതുക്കാത്തതെന്തു കൊണ്ടാണ്; | (ബി) | പുനരവലോകന ചർച്ചകൾ പൂർത്തിയാകാത്തതുകൊണ്ടാണ് കരാർ പുതുക്കാത്തത്. |
| (സി) | ഈ കരാർ പുതുക്കാത്തതുകൊണ്ടുള്ള പ്രയോജനം ആർക്കാണെന്ന് അറിയിക്കുമോ? | (സി) | പുനരവലോകനം നടക്കാത്തതു കൊണ്ട് കേരളത്തിന്റെ ഡിമാന്റുകൾ നടപ്പാക്കാൻ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.154 — 01.12.2008 ൽ മറുപടിക്ക്

## പറമ്പിക്കുളം അളിയാർ നദീജലകരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. കെ. അച്ചുതൻ | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം അളിയാർ നദീജലകരാർ നടപ്പാക്കുന്നതിന്റെ പേരിൽ ഇപ്പോൾ തമിഴ്നാട് എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നാണ് കേരളം ആവശ്യപ്പെടുന്നത്;<br>(ബി) ഇതിന് തമിഴ്നാട് നൽകിയ മറുപടിയെന്താണ്;<br>(സി) ഈ മറുപടിയിൽ പറയുന്ന കാര്യങ്ങൾ വസ്തുനിഷ്ഠമാണോ; | (എ)<br>(ബി)<br>(സി)<br>(ഡി) | പറമ്പിക്കുളം അളിയാർ പദ്ധതി കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കരാർ പുനരവലോകനം സംബന്ധിച്ച് ഉള്ള ചർച്ചകൾ ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്നുവരികയാണ്. ഏറ്റവുമൊടുവിലായി 30.5.08ന് തിരുവനന്തപുരത്തു വച്ചു നടന്ന കേരള-തമിഴ്നാട് ചീഫ് സെക്രട്ടറിതല ചർച്ചയിൽ കേരളം പ്രധാനമായും മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.<br>1) മൂലത്തറ റെഗുലേറ്ററിന്റെ വലതുകര കനാലിന്റെ ആയക്കട്ട് പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിനും പ്രളയ ജലം സംഭരിക്കാൻ സാധ്യമല്ലാത്തതുകൊണ്ടും കോണ്ടൂർ കനാലിലൂടെ നഷ്ടപ്പെടുന്ന ജലത്തിനു പകരം കരാർ പ്രകാരം മണക്കടവ് വിയറിലുള്ള കേരളത്തിന്റെ വാർഷിക ജലവിഹിതമായ 7.25 Tmcft നോട് , നാല് Tmcft കൂടി ചേർത്ത് വർദ്ധിപ്പിക്കുക. |

(ബി) ഉണ്ടെങ്കിൽ സംസ്ഥാനം അനന്തര നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന്;

2) രേഖപ്പെടുത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഷോളയാർ ബേസിനിലുള്ള അധിക ജല ലഭ്യത കേരളവുമായി പങ്കുവയ്ക്കുക.

3) എല്ലാ വർഷവും കേരളത്തിന് പറമ്പിക്കുളം സബ് ബേസിനിൽ നിന്നുള്ള ജല ലഭ്യത ഉറപ്പു വരുത്തുവാൻ 16.5 Tmcft എന്ന threshold പ്രായോഗികമായി താഴ്ത്തുക.

4) പി.എ.പി. കരാർ അനുസരിച്ച് കേരളത്തിന് വിട്ടുകിട്ടാനുള്ള കെട്ടിടങ്ങൾ വിട്ടുതരിക

5) കേരളത്തിനകത്ത് സ്ഥിതി ചെയ്യുന്ന പറമ്പിക്കുളം അളിയാർ പ്രോജക്ടിനു കീഴിലുള്ള സ്ട്രക്ചറുകളുടെ നിയന്ത്രണം കേരളത്തിനു വിട്ടുതരിക.

6) തീരുമാനങ്ങൾ എടുക്കുന്നതിനും അവ വേഗത്തിൽ നടപ്പിലാക്കുന്നതിനും വേണ്ടി ജെ.ഡബ്ളിയു.ആർ ബോർഡിന്റെ നിലവാരം ഉയർത്തുകയും ബോർഡിന് കൂടുതൽ അധികാരങ്ങൾ നൽകുകയും ചെയ്യുക.

കുടാതെ തമിഴ്നാട് സർക്കാർ നടത്തിയ കരാർ ലംഘനങ്ങൾ വീണ്ടും കേരളം തമിഴ് നാട് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി.

ഇരു സംസ്ഥാനങ്ങളും അവരുടെ issues ന്റെ അടിസ്ഥാനത്തിൽ വിശദമായ നോട്ടുകൾ കൈമാറാൻ ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചകൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

— — —

(ഇ) [illegible] നടപടികൾ സ്വീകരിക്കാത്തത് സംസ്ഥാനത്തിന് ഗുണകരമാണോ അല്ലയോ എന്ന് വിശദീകരിക്കുമോ;

(എഫ്) ഗുണകരമാണെങ്കിൽ അതെ പ്രകാരമാണെന്നു വ്യക്തമാക്കുമോ?

(ഇ) & (എഫ്) കരാറിന്റെ പ്രാരംഭത്തിൽ Para 5(f) ൽ കരാർ സംബന്ധിച്ച് അഭിപ്രായ സമന്വയം ഉണ്ടാകാതിരിക്കുകയോ തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം അത് ആർബിട്രേ-ഷനു വിടാൻ വ്യവസ്ഥയുണ്ട്. എന്നാൽ, നിയമ നടപടികൾക്കു പോയാൽ ഉണ്ടാകാവുന്ന കാലതാമസം പരിഗണിച്ചാണ് കേരളം ചർച്ചകളിലൂടെ പുനരവലോകനം നടത്തുവാൻ ശ്രമിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 155     01.12.2008 -ൽ മറുപടിയ്ക്ക്

## വഴിയോര തണൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>" സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>" ബി.ഡി.ദേവസ്സി<br>" എ.എം. ആരിഫ്<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വഴിയോര തണൽ പദ്ധതി സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടെ വനംവകുപ്പ് നടപ്പിലാക്കുന്ന വഴിയോര തണൽ പദ്ധതി പ്രകാരം 2007-08ൽ നട്ടുപിടിപ്പിച്ച 92,226 തൈകളിൽ 48.21% അതിജീവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. ട്രീ ഗാർഡുകൾ ഉണ്ടായിരുന്നിട്ടും നശിച്ചുപോയ തൈകൾക്ക് പകരം കൂടുതൽ വളർന്ന 3457 പുതിയ തൈകൾ 2008-09 വർഷത്തിൽ അതേ ട്രീ ഗാർഡുകൾക്കുള്ളിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെ 2008-09 വർഷത്തിൽ 10493 തൈകൾ പുതുതായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. |
| (ബി) നട്ടുവളർത്തുന്ന വൃക്ഷത്തൈകളുടെ പരിചരണവും പരിപാലനവും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) നട്ടുവളർത്തുന്ന വൃക്ഷത്തൈകളുടെ പരിചരണവും പരിപാലനവും അതാത് സ്ഥലങ്ങളിലെ ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രാദേശിക സംരക്ഷണ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. കൂടാതെ തൈകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് പരമാവധി ട്രീഗാർഡുകൾ സ്ഥാപിച്ചിട്ടുമുണ്ട്. |
| (സി) ഏതെല്ലാം വൃക്ഷത്തൈകളാണ് ഇതിനായി വനംവകുപ്പ് നൽകിയിട്ടുള്ളത്; | (സി) ആഞ്ഞിലി, പ്ലാവ്, മാവ്, കശുമാവ്, പുളി, കുടംപുളി, ഞെമ്പാവ്, കണിക്കൊന്ന, ജക്രാന്ത, മരുത്, പൂമരുത്, ഉങ്ങ്, മഹാഗണി, മഴമരം, ബേർഡ് ചെറി, സ്പാത്തോഡിയ, ടക്കോമ, അരണമരം, ആൽ എന്നീ ഇനങ്ങളിലുള്ള വൃക്ഷത്തൈകളാണ് ഈ പദ്ധതിയ്ക്കുവേണ്ടി ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) പദ്ധതിയ്ക്കായി ഇതിനകം എന്തു തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ ? | (ഡി) 2007-08, 2008-09 വർഷങ്ങളിലായി ഇതുവരെ 27,18,192/- രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 156 1 - 12 - 2008 ൽ മറുപടിക്ക്

## പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീ.ബാബു എം. പാലിശ്ശേരി :<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുളള പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നോർക്ക റൂട്ട്സ് വിദേശത്ത് തൊഴിൽ തേടിപോകുന്നവർക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം എന്ന പേരിൽ പരിശീലന പരിപാടി ജില്ലകൾ തോറും നടപ്പിലാക്കി വരുന്നു. വിദേശത്ത് തൊഴിൽ തേടിപോകുന്ന ഉദ്യോഗാർത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികളായ വിസ,ട്രാവൽ അന്റ് എമിഗ്രേഷൻ, കസ്റ്റംസ്, ഇൻഷ്വറൻസ് എന്നിവയെക്കുറിച്ചും, വിദേശ രാജ്യത്തെ തൊഴിൽ നിയമങ്ങൾ, അവിടത്തെ സാമൂഹിക - സാംസ്കാരിക ചുറ്റുപാടുകൾ, തൊഴിൽ സംസ്കാരം, വ്യക്തിത്വ വികാസം, ഇവയെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനോടൊപ്പം തന്നെ അറബി ഭാഷയിൽ അത്യാവശ്യം പ്രാവീണ്യം നേടുന്നതിനും സഹായിക്കുക എന്നതാണ് ഈ പരിശീലന പരിപാടിയുടെ ഉദ്ദേശ്യം. |
| (ബി) പ്രോഗ്രാം ആരംഭിച്ചതിനു ശേഷം ഇതുവരെ എത്ര പേർ പരിശീലനം നേടിയിട്ടുണ്ട്; | (ബി) ഇതുവരെ 1520 പേർ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. |

(സി) എല്ലാ ജില്ലകളിലും പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ടോ;

(സി) നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സിന്റെ റീജിയണൽ സെന്ററുകൾ കേന്ദ്രീകരിച്ച് എല്ലാ ജില്ലകളേയും ഘട്ടം ഘട്ടമായി ഉൾപ്പെടുത്തുന്ന രീതിയിൽ പ്രസ്തുത പരിശീലന പരിപാടി നടത്തി വരുന്നു.

(ഡി)വിദേശ തൊഴിലന്വേഷകർ വിസ തട്ടിപ്പിന് ഇരയാകാതിരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) വിസ തട്ടിപ്പിനെതിരെ പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി ഒരു ലഘു പുസ്തകം സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദേശത്തു തൊഴിൽ തേടാൻ ആഗ്രഹിക്കുന്നവർക്ക് അവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളിൻമേൽ ഇവർക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള ക്ലാസുകൾ നടത്തി വരുന്നു . ഓരോ പോലീസ് സ്റ്റേഷനതിർത്തിയിലും പ്രവർത്തിച്ചു വരുന്ന ട്രാവൽ ഏജൻസിയുടേയും റിക്രൂട്ടിംഗ് ഏജൻസിയുടേയും വിസ ഏജൻസിയുടേയും വിശദ വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനിൽ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും അവർക്ക് പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രൻസ് ഓഫീസിൽ നിന്നും നിയമാനുസരണം അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും ഇവർ ഏതെങ്കിലും റിക്രൂട്ടിംഗോ ഇൻന്റർവ്യൂവോ നടത്തുകയോ ആണെങ്കിൽ പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രൻസിന്റെ ഓഫീസിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിന് ലോക്കൽ പോലീസിന്, പോലീസ് ഡയറക്ടർ ജനറൽ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏജൻസികൾ നിയമവിരുദ്ധമായി റിക്രൂട്ടിംഗോ ഇൻന്റർവ്യൂവോ നടത്തുകയാണെങ്കിൽ അവരുടെ പേരിൽ നിയമ നടപടി സ്വീകരിക്കുന്നതിന് പോലീസ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് നോർക്ക വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ?

(ഇ)നോർക്ക വകുപ്പ് ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് മുഖേന പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇവരിൽ ഭൂരിപക്ഷം വരുന്ന മലയാളികളും ഗൾഫ് മേഖലയിലായതിനാൽ ഈ ഓഫീസിൽ ലഭിക്കുന്ന ഭൂരിഭാഗം അപേക്ഷകളും ഗൾഫ് മലയാളികളുടേതാണ്. വിദേശത്ത് വച്ച് മരണമടയുന്ന പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുക, വിദേശങ്ങളിൽ പല കാരണങ്ങളാൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന മലയാളികളെ മോചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, വിദേശത്തെ ജോലിസ്ഥലങ്ങളിൽ പീഡനമനുഭവിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ള പരാതികൾ അതത് എംബസ്സികളുടെ ശ്രദ്ധയിൽപ്പെടുത്തി അവരെ നാട്ടിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക, വിവിധ രാജ്യങ്ങളിലുള്ള പ്രവാസി മലയാളി അസോസിയേഷനുകളുടെ അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ട് അവരുടെ ക്ഷേമത്തിനായി പദ്ധതികൾ രൂപീകരിക്കുക, പ്രവാസികൾക്ക് അടിയന്തിര സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ വേണ്ടുന്ന സഹായം എത്തിക്കാൻ മുൻകൈ എടുക്കുക, മുതലായ പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ നോർക്ക വകുപ്പു വഴി കൈകാര്യം ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -157 | 01.12.2008-ൽ മറുപടിയ്ക്ക്

## മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ജീവൻ രക്ഷാ ഔഷധങ്ങളുടെ വില

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
പ്രൊഫ. എൻ. ജയരാജ്

(എ) റീജണൽ ഹോൾസെയിൽ ഡിപ്പോ മുഖാന്തിരം കമ്പനികളിൽ നിന്നും നേരിട്ട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന ജീവൻ രക്ഷാ ഔഷധങ്ങൾ മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുമ്പോൾ, മരുന്നുകൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് കാര്യമായ ലാഭം ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി )

(എ) യും (ബി) യും

നേരത്തെ പ്രാദേശിക വിതരണക്കാരിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിരുന്നത്. ഇപ്പോൾ മരുന്നു കമ്പനികളിൽ നിന്നും നേരിട്ടും അവരുടെ ഏജൻസികളിൽ നിന്നും മൊത്തമായി വാങ്ങി MRP യിൽ നിന്നും 10% മുതൽ 25% വരെ വിലക്കുറവിൽ വിതരണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -158 | 01.12.2008-ൽ മറുപടിയ്ക്ക്

## ഗൾഫ് രാജ്യങ്ങളിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. സാജു പോൾ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി. ടി. എ. റഹീം | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ഗൾഫ് രാജ്യങ്ങളിൽ ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) യും (സി) യും<br>ഇതു സംബന്ധിച്ച വിശദമായ സാദ്ധ്യതപഠനം നടത്തുന്ന കാര്യം ആലോചനയിലാണ്. |
| (സി) ഇത്തരം ഒരു പദ്ധതി നടപ്പാക്കുന്നതിന്റെ ഗുണദോഷങ്ങൾ സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | |
| (ഡി) ഫ്രാഞ്ചൈസി വ്യവസ്ഥയിൽ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് ആരെങ്കിലും മുന്നോട്ട് വന്നിട്ടുണ്ടോ ; | (ഡി) പലരും അന്വേഷണം നടത്തിയെങ്കിലും തയ്യാറായി ആരും മുന്നോട്ട് വന്നിട്ടില്ല. |
| (ഇ) കേരളത്തിലെ ഏതെല്ലാം ഉല്പന്നങ്ങളാണ് ഇത്തരം സൂപ്പർ മാർക്കറ്റിലൂടെ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | (ഇ) ശബരി ബ്രാൻഡിൽ സപ്ലൈകോ വിപണനം നടത്തുന്ന ഉൽപ്പന്നങ്ങളും മലയാളികൾക്ക് താല്പര്യമുള്ള മറ്റു ഉൽപ്പന്നങ്ങളുമാണ് വിപണനം നടത്തുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം.നം.159 — 01.12.2008-ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ സഹായം ലഭിക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം അനുവദിച്ചാൽ അപേക്ഷകരുടെ കൈകളിൽ സഹായ തുക എത്തുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിയ്ക്കുമ്പോൾ അപേക്ഷകർക്ക് അത് ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി 3.10.2007-ലെ ജി.ഒ.(എം.എസ്)നം.352/07/റവ, 27.12.07-ലെ 87248/ഡിആർഎഫ്എ2/07//റവ നമ്പർ സർക്കുലർ എന്നിവ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അനുവദിയ്ക്കുന്ന തുക 14 ദിവസത്തിനകവും, സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യണമെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്താൻ സാധിക്കാതെ വരുന്ന കേസുകളിലും, താലൂക്കാഫീസിൽ നിന്നും അറിയിപ്പു നൽകിയതിനുശേഷവും ഗുണഭോക്താക്കൾ എത്താത്ത കേസുകളിലും വിതരണം ചെയ്യാൻ സാധിക്കാതെ വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 3 മാസത്തിനകം തിരിച്ചടക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ബി) സഹായം അനുവദിക്കുന്ന തീയതി മുതൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകർക്ക് സഹായ തുക ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

(ബി) അപേക്ഷകർക്ക് കാലതാമസം കൂടാതെ നിശ്ചിത സമയത്തിനുള്ളില്‍ തുക ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി എല്ലാ കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ആറുമാസം കൂടുമ്പോള്‍ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ട്. ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തില്‍ വില്ലേജ് ഓഫീസുകളും പരിശോധിക്കാറുണ്ട്. മാത്രവുമല്ല ദുരിതാശ്വാസനിധി വിതരണവുമായി ബന്ധപ്പെട്ട വിവരങ്ങള്‍ എല്ലാ മാസവും ജില്ലാ കളക്ടർമാരില്‍ നിന്നും ശേഖരിക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 160

01-12-2008-ൽ മറുപടിയ്ക്ക്

### "ഭൂവിനിയോഗ ബോർഡ് ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.സി.കെ.പി.പത്മനാഭൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; | (എ) കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഏറ്റെടുത്തു നടപ്പാക്കുന്ന പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br>1. പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം.<br>2. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ.<br>3. കാർഷിക പാരിസ്ഥിതിക മേഖലയ്ക്ക് അനുയോജ്യമായി ഭൂവിനിയോഗം ചിട്ടപ്പെടുത്തൽ. |
| (ബി) പഞ്ചായത്തുതല വിഭവ ഭൂപട നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ; | (ബി) ഇല്ല. കേരളത്തിലെ 892 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനോടകം ഈ പദ്ധതി പൂർത്തിയായിട്ടുണ്ട്. |
| (സി) വിഭവ ഭൂപടത്തിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്തുന്നത് ; | (സി) പഞ്ചായത്ത് വിഭവ ഭൂപടത്തിൽ ലഭ്യമായ വിവരങ്ങൾ ഭൂവിനിയോഗം, ജല വിഭവങ്ങൾ, ആസ്തികൾ എന്നിവയാണ്. ഇവ സർവ്വെ നമ്പർ തലത്തിൽ (1:5000 തോതിൽ) ലഭ്യമാണ്. |
| (ഡി) ഭൂപട നിർമ്മാണത്തിൽ ആവശ്യമായ ജനപങ്കാളിത്തം ലഭിച്ചിട്ടുണ്ടോ ; | (ഡി) ഉണ്ട്. ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുത്ത സന്നദ്ധ പ്രവർത്തകരിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ഇ) പ്രകൃതി വിഭവ സംരക്ഷണ ബോധവൽക്കരണത്തിനായി ബോർഡ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഇ) പ്രകൃതി വിഭവ സംരക്ഷണ ബോധവൽക്കരണത്തിനായി ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. കൂടാതെ കഴിഞ്ഞ വർഷം യുവജനങ്ങൾക്കായി പ്രകൃതി വിഭവ സംരക്ഷണം എന്ന വിഷയത്തിൽ ഒരു തെരുവുനാടക മത്സരം സംഘടിപ്പിച്ചു. വിഭവകേരളം എന്ന ത്രൈമാസ വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നു. മികച്ച പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അവാർഡുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 161.** 1..12..2008-ൽ മറുപടിക്ക്

### പാലിൻെറ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക എം.എൽ.എ.<br>ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ.<br>ശ്രീ. വി. ചെന്താമരാക്ഷൻ എം.എൽ.എ.<br>ശ്രീ. എം. ഹംസ എം.എൽ.എ.<br>ശ്രീ. റ്റി.പി. കുഞ്ഞുണ്ണി എം.എൽ.എ. | ശ്രീ. സി. ദിവാകരൻ.<br>(ഭക്ഷ്യ-സിവിൽ സപ്ലൈസ് മൃഗസംരക്ഷണ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൻെറ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യ വസ്തുക്കളുടെയും ഗുണനിലവാര പരിശോധനയും നിയന്ത്രണവും നിർവ്വഹിക്കുന്നത് ആരോഗ്യ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന പി.എഫ്.എ. വിഭാഗമാണ്. ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമം (**PFA Act**), അവശ്യസാധന നിയന്ത്രണ നിയമത്തിൻെറ കീഴിൽ വരുന്ന 'മിൽക്ക് ആൻറ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ' എന്നിവ പ്രകാരവുമാണ് നിലവിൽ പാൽ ഗുണനിലവാര പരിശോധന നടത്തുന്നത്. ക്ഷീരവികസന വകുപ്പിൻെറ ജില്ലാതല ഓഫീസുക |

ളിൽ അസിസ്റ്റൻറ് ഡയറക്ടറുടെ ഗ്രേഡിലുള്ള ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തിവരുന്നുണ്ട്. ജില്ലാതല പരിശോധന ലബോറട്ടറികൾക്കു പുറമേ പാലക്കാട് ജില്ലയിലെ ആലത്തൂരിൽ എം.എം.പി.ഒ. പ്രകാരം അംഗീകാരം ലഭിച്ച ഒരു ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഓണം തുടങ്ങിയ വിശേഷ ഉത്സവ വേളകളിൽ പ്രധാന ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് താൽക്കാലിക പരിശോധന സംവിധാനങ്ങളും ഏർപ്പെടുത്താറുണ്ട്. ഇതിനു പുറമെ മിൽമയുടെ എല്ലാ ഡയറി പ്ലാൻറിനോടനുബന്ധിച്ചുമുള്ള ഗുണനിലവാര പരിശോധന ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയാണ് മിൽമ ഉപഭോക്താക്കൾക്ക് പാൽ ലഭ്യമാക്കുന്നത്. ഇതു കൂടാതെ പാലും, പാൽ ഉൽപ്പന്നങ്ങളും കാലിത്തീറ്റയും ശാസ്ത്രീയമായി പരിശോധിക്കാൻ സംസ്ഥാനത്ത് ആദ്യമായി 2 കോടി രൂപ ചെലവിൽ ഒരു സ്റ്റേറ്റ് ഡയറി ലാബ് തിരുവനന്തപുരത്ത് സ്ഥാപിക്കാനും നടപടി സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) പാലിൻെറ ഗുണനിലവാരം നിശ്ചയിക്കാൻ ഏകീകൃത മാനദണ്ഡം രൂപീകരിക്കണമെന്ന് തെന്നിന്ത്യൻ സംസ്ഥാനങ്ങ | (ബി) ഈ വിഷയം സംബന്ധിച്ച് തെന്നിന്ത്യൻ സംസ്ഥാനങ്ങളിലെ ക്ഷീര മൃഗസംരക്ഷണ വകുപ്പ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും |

ളിലെ ക്ഷീര-മൃഗസംരക്ഷണ മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും സമ്മേളന തീരുമാന പ്രകാരം നടപടി കൈക്കൊണ്ടിട്ടുണ്ടോ;

സമ്മേളനം ഒരു ജോയിൻറ് ഡിക്ലറേഷൻ രൂപപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തൊക്കെയാണെന്നു പരിശോധിച്ചു വരികയാണ്.

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും എന്തു മാത്രം പാൽ ദിനംപ്രതി കേരളത്തിൽ എത്തുന്നു;

(സി) 2006-ൽ മിൽമ വിതരണത്തിനായി പ്രതിദിനം 3 ലക്ഷം ലിറ്ററോളം പാൽ കർണ്ണാടക മിൽക്ക് ഫെഡറേഷനിൽ നിന്നാണ് കൊണ്ടുവന്നിരുന്നത്. ആഭ്യന്തര ഉല്പാദനം വർദ്ധിച്ചതിൻെറ അടിസ്ഥാനത്തിൽ പ്രതിദിനം 1.75 ലിറ്ററായി കുറഞ്ഞു. എന്നാൽ ശബരിമല തീർത്ഥാടനം, ഓണക്കാലം തുടങ്ങിയ സന്ദർഭങ്ങളുൽ കർണ്ണാടകത്തിൽ നിന്ന് 3 ലക്ഷം ലിറ്റർ വീതം ഇറക്കുമതി ചെയ്യാറുണ്ട്.

(ഡി) അയൽ സംസ്ഥാനങ്ങൾ ക്ഷീരോല്പാദന രംഗത്ത് കൈവരിച്ച നേട്ടങ്ങളും സാങ്കേതിക വിദ്യയും സംസ്ഥാനത്ത് പ്രയോഗത്തിൽ വരുത്താൻ നടപടി സ്വീകരിക്കുമോ?

(ഡി) അയൽ സംസ്ഥാനങ്ങൾ ക്ഷീരോല്പാദന രംഗത്ത് കൈവരിച്ച നേട്ടങ്ങൾക്കായി ഉപയോഗിച്ച സാങ്കേതിക വിദ്യകളിൽ സംസ്ഥാനത്തിനനുയോജ്യമായവ പ്രയോഗത്തിൽ വരുത്താൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 162

01/12/2008 - ൽ മറുപടിക്ക്.

### ദേശീയ ജലപാത-3 ന്റെ - നിർമ്മാണ പ്രവർത്തന പുരോഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എ.പ്രദീപ് കുമാർ | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ജലപാത-3 ന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | : | (എ)യും, (ബി)യും, (സി)യും, |
| (ബി) ഏതെല്ലാം ഭാഗങ്ങളിൽ പ്രവർത്തനം പൂർത്തിയാക്കി ഗതാഗതം ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | : | |
| (സി) നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | : | |

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്തെയാണ് ദേശീയ ജലപാത-3 ആയി പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിന്റെ വികസന പ്രവർത്തനങ്ങളും പരിപാലനവും കേന്ദ്ര സർക്കാർ ഏജൻസിയായ ദേശീയ ജലപാത അതോറിറ്റിയുടെ (IWAI) പൂർണ്ണ നിയന്ത്രണത്തിലാണ്. ഈ ജലപാതയുടെ വികസന പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ഈ ഭാഗം ഇപ്പോൾ ഗതാഗത യോഗ്യമാണ്. ഇതുമായി ബന്ധപ്പെട്ട നാമമാത്രമായ പണികളും പൂർത്തിയാക്കുവാൻ സംസ്ഥാന സർക്കാർ IWAI-യിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിന് നേരിട്ട് പങ്കാളിത്തം ഒന്നുംതന്നെയില്ല. എന്നാൽ പദ്ധതിയ്ക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുത്ത് നൽകുക, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പൂർത്തീകരണത്തിനും വേണ്ട അനുകൂല സാഹചര്യങ്ങൾ ലഭ്യമാക്കുക മുതലായവയാണ് ഈ പദ്ധതിയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികൾ.

| | | |
|---|---|---|
| (ഡി) 12-ാം ധനകാര്യ കമ്മീഷൻ ഈ പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; | : | (ഡി) 12-ാം ധനകാര്യ കമ്മീഷൻ 2006-2010 കാലയളവിലേയ്ക്കായി ഉൾനാടൻ ജലഗതാഗത വികസനത്തിനായി സംസ്ഥാനത്തിന് 225 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത ഒഴിച്ചുള്ള ഭാഗങ്ങളും ജലപാതയിൽ വന്നു ചേരുന്ന മറ്റു കനാലുകളും വികസിപ്പിക്കുന്നതിനായിട്ടാണ് ഈ തുക വിനിയോഗിച്ചു വരുന്നത്. |
| (ഇ) ദേശീയ ജലപാത-3 ലൂടെ എത്ര ടൺ ചരക്കു നീക്കമാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | : | (ഇ)യും (എഫ്) ഉം<br>ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലായതിനാൽ ഇതു വഴിയുള്ള ചരക്ക് നീക്കത്തിന്റെയും ഇതിലൂടെയുള്ള വരുമാനത്തിന്റെയും കണക്കുകൾ സംസ്ഥാന സർക്കാർ തിട്ടപ്പെടുത്തിയിട്ടില്ല. |
| (എഫ്) ഇതിലൂടെ എത്ര രൂപയുടെ വരുമാനമാണ് പ്രതീക്ഷിക്കുന്നത് ? | : | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 163 — 01-12-2008 ൽ മറുപടിക്ക്

' സിയാൽ ' ആരംഭിക്കുന്ന പദ്ധതികൾ

| ചോദ്യം:<br>ശ്രീ.എം.ജെ.ജേക്കബ് :<br>ശ്രീ.സാജുപോൾ :<br>ശ്രീ.മുരളി പെരുനെല്ലി :<br>ശ്രീ.എ.എം.യൂസഫ് :<br>ശ്രീ.എം.എം.മോനായി : | ഉത്തരം<br>ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ). പുതിയ എന്തെല്ലാം പദ്ധതികൾ ആരംഭിക്കുന്നതിനാണ് ' സിയാൽ ' ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ). എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാങ്കറുകൾ, ഏവിയേഷൻ അക്കാഡമി, ഗോൾഫ് കോഴ്സസ്, ഐ.റ്റി പാർക്ക്, ലോജിസ്റ്റിക് സെന്റർ, കൺവെൻഷൻ സെന്റർ, എക്സിബിഷൻ ഹാൾ, ഫൈവ് സ്റ്റാർ ആന്റ് ബഡ്ജറ്റ് ഹോട്ടൽസ്, ഷോപ്പിംഗ് മാൾസ്, മൾട്ടിപ്ലക്സസ് , ഫാമിലി എന്റർടെയിന്റ്മെന്റ് സെന്ററുകൾ, മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സെന്റർ ഫോർ പെറിഷബിൾ കാർഗോ എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനാണ് സിയാൽ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി). ഈ പദ്ധതികൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ബി). ഇല്ല. |
| (സി). പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനായി പബ്ളിക് ഇഷ്യു നടത്തി ഫണ്ട് സമാഹരിക്കുന്നതിന് തീരുമാനിച്ചിരുന്നോയെന്നു വ്യക്തമാക്കുമോ ; | (സി). ഇല്ല. |
| (ഡി). ' സിയാൽ ' പബ്ളിക് ഇഷ്യുവിന് പോകുന്നതിനെതിരെ ഹഡ്കോ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വെളിപ്പെടുത്തുമോ ; | (ഡി). സ്റ്റേ ഉത്തരവ് നിലവിലുണ്ട്. കേസ് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. |
| (ഇ). ' സിയാൽ ' അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ഇ ). സ്വീകരിക്കുന്നതാണ്. |
| (എഫ്). സിയാലിന്റെ ആഭിമുഖ്യത്തിൽ ഏവിയേഷൻ അക്കാഡമിയും മാനേജ്മെന്റ് അക്കാഡമിയും സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വെളിപ്പെടുത്തുമോ ? | (എഫ്). ഏവിയേഷൻ അക്കാഡമി സ്ഥാപിക്കുന്നതിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ധ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 164

1.12.2008 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റിക്ക് സെസ് പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു ;<br>ശ്രീ. അടൂർ പ്രകാശ് ;<br>ശ്രീ. എ.പി. അനിൽകുമാർ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സ്മാർട്ട്സിറ്റിക്ക് എന്തെല്ലാം ഇളവുകളും സൗജന്യങ്ങളും നൽകുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത് ;<br><br>ബി) അതിൽ എന്തെല്ലാം ഇളവുകളും സൗജന്യങ്ങളും നൽകി ;<br><br>സി) ഇനി എന്തെല്ലാം ഇളവുകളും സൗജന്യങ്ങളും നൽകാനുണ്ട് ; | (എ) യും (ബി) യും (സി) യും<br><br>TECOM Investments FZ-LLC യുമായി 13.5.2007 ന് ഒപ്പുവച്ച Framework Agreement ൽ പറയുന്ന ആനുകൂല്യങ്ങളാണ് സ്മാർട്ട് സിറ്റി സംരംഭത്തിന് ബാധകമായത്. Framework Agreement ൽ പറയുന്ന പ്രകാരം 246 ഏക്കർ ഭൂമി ഏറ്റെടുത്തു നൽകിയിട്ടുണ്ട്. സെസ്സ് പദവിക്കുള്ള അപേക്ഷ ശുപാർശ ചെയ്ത് അയച്ചതിൽ 132 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ അനുമതി ലഭിച്ചു. അതിനെ തുടർന്ന് ഈ സ്ഥലം രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയിൽ നിന്നും വിമുക്തമാക്കി. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, റോഡ്, ജലം എന്നിവ സ്മാർട്ട് സിറ്റി പ്രദേശത്തു എത്തിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. അതിന്റെ ഭാഗമായി Kerala State Electricity Board ന്റെ installations മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവിന്റെ ഒരു ഭാഗം സർക്കാർ വഹിക്കുന്നതാണ്. Framework Agreement ൽ പറയുന്ന എല്ലാ സൗകര്യങ്ങളും തുടർന്ന് ലഭ്യമാക്കുന്നതാണ്. |
| ഡി) സ്മാർട്ട് സിറ്റി പദ്ധതി മരവിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് കാരണത്താൽ ; | ഡി) സ്മാർട്ട് സിറ്റി പദ്ധതി മരവിപ്പിച്ചിട്ടില്ല. |
| ഇ) സ്മാർട്ട്സിറ്റിക്ക് സെസ് പദവി നൽകിക്കൊണ്ടുള്ള ഉത്തരവിറങ്ങിയോ ;<br><br>എഫ്) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ? | (ഇ) യും (എഫ്) ഉം<br><br>132 ഏക്കർ ഭൂമിക്ക് പ്രത്യേക സാമ്പത്തിക മേഖലാ അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. യിൽ നിന്നും ഏറ്റെടുത്ത് പാട്ടത്തിനു നൽകിയ 100 ഏക്കർ സ്ഥലത്തിന് സെസ് പദവി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.165 — 01.12.2008 ൽ മറുപടിക്ക്

## നെയ്യാർ ജലം തമിഴ്നാടിന് നൽകുന്നതിനുള്ള കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെയ്യാർ അന്തർ സംസ്ഥാന നദിയാണെന്നും ഉപാധികൾ കൂടാതെ നെയ്യാറിലെ ജലം തമിഴ്നാടിന് കൃഷി ആവശ്യത്തിന് നൽകുന്നതിന് കേരളത്തിനു ബാധ്യതയുണ്ടെന്നും തമിഴ്നാട് അവകാശപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് തമിഴ്നാട് സർക്കാർ മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. ബഹു. തമിഴ്നാട് മുഖ്യമന്ത്രി 3.10.2007 ൽ ബഹു. കേരള മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ കന്യാകുമാരി ജില്ലയിലെ ജലസേചന ആവശ്യങ്ങൾക്കായി എത്രയും വേഗം നെയ്യാറിൽ നിന്നും ജലം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; | (ബി) | നെയ്യാർ അന്തർ സംസ്ഥാന നദിയാണെന്ന തമിഴ്നാടിന്റെ വാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. ചീഫ് സെക്രട്ടറി ഇക്കാര്യം തമിഴ്നാട് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | തമിഴ്നാടിന് കൃഷി ആവശ്യത്തിന് വെള്ളം നൽകാൻ സംസ്ഥാന നിയമസഭ അനുവാദം നൽകിയതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (സി) | കേരള നിയമസഭ 18.10.2006 ൽ തമിഴ് നാടിന് നെയ്യാർ ഡാമിൽ നിന്ന് ജലം നൽകാൻഅനുമതി നൽകി പ്രമേയം പാസാക്കി. തമിഴ് നാട് സംസ്ഥാനത്തിലെ കന്യാകുമാരി ജില്ലയിൽ വിളവങ്കോട് താലൂക്കിലെ കാർഷിക ആവശ്യത്തിന് ജലം നൽകുന്നതിനുവേണ്ടി തമിഴ് നാടുമായി കരാറിലേർപ്പെടുന്നതിനു തീരുമാനിച്ചു. കരട് |

| | | | |
|---|---|---|---|
| | | | കരാർ തയ്യാറാക്കി തമിഴ് നാട് സർക്കാരിന് അയച്ചുകൊടുത്തു. എന്നാൽ മുൻ ധാരണകൾക്കു വിപരീതമായി നെയ്യാർ ഒരു അന്തർ സംസ്ഥാന നദിയാണെന്നും അതിനാൽ ജലത്തിനു വില നൽകുന്ന ചോദ്യം ഉദിക്കുന്നില്ലെന്നും വിളവങ്കോട് താലൂക്കിലെ കർഷകർക്ക് ജലസേചനത്തിനാവശ്യമായ ജലം നൽകണമെന്നും തമിഴ് നാട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. നെയ്യാർ ഒരുഅന്തർസംസ്ഥാന നദിയാണെന്ന വാദം അംഗീകരിക്കുവാൻ സാധിക്കില്ലെന്ന് സംസ്ഥാന സർക്കാർ തമിഴ് നാടിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ നെയ്യാർ ഒരു അന്തർ സംസ്ഥാന നദിയാണെന്ന തമിഴ് നാടിന്റെ വാദം ഖണ്ഡിച്ചുകൊണ്ട് വീണ്ടും വിശദമായ മറുപടി തമിഴ്നാട് സർക്കാരിന് നൽകുന്നതാണ്. |
| (ഡി) | വെള്ളം നൽകുന്നതിന് എന്തെങ്കിലും ഉപാധി വച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | നെയ്യാർ ജലം നൽകുന്നതുമായി ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥകൾ വിശദമാക്കുമോ? | (ഇ) | കരാറിലെ വ്യവസ്ഥകൾ ഇവയാണ്.<br>i) കേരള ഗവൺമെന്റ് നെയ്യാർ ഇറിഗേഷൻ പ്രോജക്ട് Left Bank Canal മുഖേന തമിഴ് നാട്ടിലെ കന്യാകുമാരി ബ്രാഞ്ച് കനാൽ വഴി വിളവൻകോട് താലൂക്കിലെ കൃഷി അവശ്യത്തിന് ജലം നൽകാമെന്ന് സമ്മതിക്കുന്നു.<br>ii) Reservoir ന്റെ വെള്ളത്തിന്റെ ലഭ്യത അനുസരിച്ച് ഓരോ വിളവെടുപ്പിനു മുമ്പ് നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ, പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചുമാണ് തമിഴ്നാടിന് നൽകാവുന്ന വെള്ളത്തിന്റെ അളവും വിതരണത്തിനുള്ള ഷെഡ്യൂളും തീരുമാനിക്കുക.<br>iii) അടിയന്തിര ഘട്ടത്തിൽ ടി പ്രോജക്ടിന്റെ ചുമതലയുള്ള |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എൻജിനീയർ നാഗർകോവിലിലെ എക്സിക്യൂട്ടീവ് എൻജിനീയർക്ക് മുന്നറിയിപ്പ് കൊടുത്തുകൊണ്ട് കേരള ഗവൺമെന്റിനെ അറിയിച്ചുകൊണ്ടും വെള്ളത്തിന്റെ അളവു കുറയ്ക്കാനും അഥവാ വെള്ളം കൊടുക്കുന്നത് നിർത്തിവയ്ക്കുന്നതുമാണ്.<br>iv) നെയ്യാറിലെ ജലം തമിഴ് നാടിന് അളന്നാണു വിതരണം ചെയ്യുക.<br>v) സംസ്ഥാന ഗവൺമെന്റ് സമയാസമയങ്ങളിൽ നിശ്ചയിക്കുന്ന ചെലവിൽ കുറയാത്ത വിതരണ തുക ഈടാക്കിയായിരിക്കും തമിഴ് നാടിന് ജലം ലഭ്യമാക്കുന്നത്.<br>vi) തമിഴ്നാടിന്റെ കന്യാകുമാരി ബ്രാഞ്ച് കനാലിന്റെ ആയക്കട്ടിൽ ഒന്നാമത്തേയും രണ്ടാമത്തേയും വിളവിറക്കുന്നതിന് ജലസേചനം നടത്താൻ മാത്രമേ നെയ്യാർ ജലം ഉപയോഗിക്കുവാൻ പാടുള്ളൂ.<br>vii) തമിഴ് നാട്ടിലെ കനാലിന്റെ പ്രവർത്തനത്തിനും അറ്റകുറ്റ പണികൾക്കും ഉള്ള ചെലവ് തമിഴ് നാട് വഹിക്കേണ്ടതാണ്.<br>viii) എഗ്രിമെന്റിന് രണ്ടു വർഷത്തെ കാലാവധിയാണുള്ളത്. അതിനുശേഷം ഉഭയ സമ്മത പ്രകാരം കരാർ പുതുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള-നിയമസഭ
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T166 — 1.12.2008-ൽ മറുപടിയ്ക്ക്

## കാർഷിക വായ്പകൾ

**ചോദ്യം**

**ശ്രീ.ജി.കാർത്തികേയൻ**
**ശ്രീ.എൻ.ശക്തൻ**
**ശ്രീ.എം.മുരളി**

(എ) ബാങ്കുകൾ മുൻഗണനാടിസ്ഥാനത്തിൽ വായ്പ നൽകേണ്ടത് എന്തെല്ലാം കാര്യങ്ങൾക്കാണ്;

**ഉത്തരം**

**ശ്രീ.വി.എസ്.അച്യുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) ഭാരതീയ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശ പ്രകാരം ബാങ്കുകൾ മുൻഗണനാടിസ്ഥാനത്തിൽ വായ്പ നൽകേണ്ടത് താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ്:-

1. പ്രത്യക്ഷ-പരോക്ഷ കാർഷിക വായ്പകൾ
2. ചെറുകിട സംരംഭങ്ങൾ (SME)
3. ചില്ലറ വ്യാപാരം
4. സംസ്ഥാന സർക്കാർ പ്രായോജകരായ പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള വായ്പകൾ
5. വിദ്യാഭ്യാസ വായ്പകൾ
6. പ്രത്യക്ഷ -പരോക്ഷ ഭവന വായ്പകൾ
7. ധനകാര്യ ഇതര സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തിട്ടുള്ള നഗരത്തിലെ ദരിദ്രർക്കുള്ള വായ്പകൾ
8. ആളൊന്നുക്ക് 50,000/-രൂപ വരെയുള്ള സൂക്ഷ്മ തല വ്യക്തിഗത വായ്പ
9. സ്വയം സഹായ സംഘങ്ങൾക്കും, സർക്കാരിതര സ്ഥാപനങ്ങൾക്കും (NGOs), സൂക്ഷ്മ തല ധനകാര്യ സ്ഥാപനങ്ങൾക്കും(MFI) , സംയുക്ത ബാദ്ധ്യതാ സംഘങ്ങൾക്കും (JLG),ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾക്കും (NBFC)തുടർ വായ്പയായി (ആളോഹരിവിഹിതം 50,000 രൂപ വരെ) നൽകുന്ന മേൽ പട്ടികയിൽ ഉൾപ്പെടുത്താത്ത വായ്പകൾ

| | |
|---|---|
| **(ബി)** **അതിനുള്ള** പലിശ **എത്രയാണ്;** | **(ബി)** ബാങ്കുകൾ നൽകുന്ന വായ്പകളുടെ പലിശ നിരക്ക് ഏകീകരിച്ചിട്ടില്ലാത്തതിനാലും, കേന്ദ്ര സർക്കാർ, ഭാരതീയ റിസർവ്വ് ബാങ്ക് എന്നിവയുടെ നയങ്ങൾക്കനുസൃതമായി "വ്യത്യസ്ത വായ്പാ പലിശ നിരക്ക് "**(De regulated interest rate structure)** നിലനിൽക്കുന്ന തിനാലും മുൻഗണനാ വായ്പ കൾക്കു മാത്രമായി ബാങ്കുകളിൽ ഒരു ഏകീകൃത പലിശ നിരക്ക് നിലവിലില്ല. വിവിധ തരത്തിലുള്ള മുൻഗണനാ വായ്പകൾക്ക് ഓരോരോ ബാങ്കുകളും വ്യത്യസ്ത പലിശ നിരക്കുകളാണ് ചുമത്തുന്നത്. ഭാരതീയ റിസർവ്വ് ബാങ്കിന്റെ അനുമതിയോടുകൂടി യാണ് ഇപ്രകാരം ബാങ്കുകൾ വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നത്. |
| (സി) ബാക്കി വായ്പകൾക്ക് ചുമത്തുന്ന പലിശ എത്രയാണ്; | (സി) മേല്പറഞ്ഞ വ്യവസ്ഥകൾ മറ്റു വായ്പകൾക്കും ബാധകമാണ്. |
| (ഡി) കാർഷികവായ്പയ്ക്ക് അപേക്ഷി ക്കുന്നവർക്ക് മറ്റു ഗണത്തി ലുള്ള വായ്പകൾ നൽകി വരുന്നുണ്ടോ; | (ഡി) കൃഷിയാവശ്യങ്ങൾക്കായുള്ള വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് മുൻഗണനാ പട്ടികയിലുള്ള കാർഷിക വായ്പ തന്നെയാണ് ബാങ്കുകൾ അനുവദിക്കാറുള്ളത്. |
| (ഇ) കാർഷികവായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് കാർഷികവായ്പ തന്നെ നൽകുവാൻ വേണ്ട നടപടിയെടുക്കുമോ? | (ഇ) കൃഷിയാവശ്യങ്ങൾക്കുള്ള വായ്പയ്ക്ക് അപേക്ഷിക്കു മ്പോൾ കാർഷിക വൃത്തിയും, കൃഷിയിടത്തിന്റെ അവകാശവും വ്യക്തമാക്കുന്ന രേഖകൾ വായ്പാ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പക്ഷം ഇതിനായി ബാങ്കുകൾ കൃഷി വായ്പകൾ മാത്രമേ നൽകുവാൻ പാടുള്ളൂ എന്ന് റിസർവ്വ് ബാങ്കും, നബാർഡും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിയാവശ്യത്തിനായുള്ള വായ്പാപേക്ഷയിന്മേൽ കാർഷികേതര വായ്പകൾ അടിച്ചേൽപ്പിക്കുന്ന ബാങ്കുകൾക്കെതിരെ ഭാരതീയ റിസർവ്വ് ബാങ്കാണ് നടപടിയെടുക്കേണ്ടത്. |

Retnamma-V

**സെക്ഷൻ ഓഫീസർ**

Hmy

പന്ത്രണ്ടാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>

<u>ചോദ്യം നമ്പർ 167</u> <u>1-12-08- ൽ മറുപടിയ്ക്ക്</u>

## സുരക്ഷാ ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.എം.ജെ. ജേക്കബ് :<br>ശ്രീ. ബി.രാഘവൻ :<br>ശ്രീ. എ. എം. യൂസഫ് : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും<br>വകുപ്പു മന്ത്രി) |
| എ) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കുന്ന സുരക്ഷാ ഭവന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | എ) സംസ്ഥാനത്തെ ദുർബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്കു സ്പോൺസർമാരുടെ സഹായത്തോടെ വീടു വച്ചു നൽകുന്ന സുരക്ഷാ ഭവന പദ്ധതിയ്ക്ക് 21-3-05 ലെ (എം.എസ്) നമ്പർ 9 /2005/ഭവനം ഉത്തരവു പ്രകാരം സർക്കാർ അംഗീകാരം നൽകുകയും പദ്ധതി നടത്തിപ്പിലേയ്ക്കായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതിയനുസരിച്ച് ഒരു വീടിന്റെ നിർമ്മാണ ചെലവ് 36,000 രൂപയും (ഭൂമി വില ഉൾപ്പെടെ) സബ്സിഡി 9000/- രൂപയും ആയിരുന്നു.<br>എന്നാൽ വീടിന്റെ നിർമ്മാണ ചെലവ് 36,000/- രൂപ എന്നത് അപര്യാപ്തമായതിനാൽ പദ്ധതിയോട് പൊതുജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും താല്പര്യം കുറവായിരുന്നു. അതിനാൽ പദ്ധതിയ്ക്ക് വേണ്ടത്ര പുരോഗതിയുണ്ടായില്ല. ഈ സാഹചര്യത്തിൽ കുറഞ്ഞത് 2 സെന്റ് ഭൂമി |

യെങ്കിലും സ്വന്തമായുള്ള വീടി ല്ലാത്ത പാവപ്പെട്ടവർക്ക് 30 -50 ച.മീ തറ വിസ്തീർണ്ണമുള്ള വീടൊന്നിന് 1,00,000 രൂപ നിർമ്മാണ ചെലവ് കണക്കാക്കി വീടു വച്ചു നൽകുന്ന പുതുക്കിയ സുരക്ഷാ ഭവന പദ്ധതിയ്ക്ക് 6-11-07 ലെ സ.ഉ.(എം.എസ്) നമ്പർ 35/2007/ഭവനം പ്രകാരം അംഗീകാരം നൽകുകയുണ്ടായി. ഈ പദ്ധതിപ്രകാരം 25,000/- രൂപ സബ്സിഡിയായി ഭവന നിർമ്മാണ ബോർഡ് മുഖേന, വീടു നിർമ്മാണം കുരമട്ടമാകുമ്പോൾ ഗുണഭോക്താവിന് വിതരണം ചെയ്യുന്നതാണ്.

പുതുക്കിയ പദ്ധതി പ്രകാരം ഒരു വീടിന്റെ സാമ്പത്തിക ഘടന:

* ഗുണഭോക്താവിന്റെ വിഹിതം- 5000 രൂപ+20% അടങ്കൽ തുക അല്ലെങ്കിൽ 20,000 രൂപയ്ക്കു തുല്യമായ വോളൻററി ലേബർ ഏതാണോ കുറവ് അത്

* സന്നദ്ധ സംഘടനയുടെ വിഹിതം- 50,000 രൂപ അല്ലെങ്കിൽ അടങ്കലിന്റെ 50% തുക ഏതാണോ കുറവ് അത് (ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കെ.എസ്.എച്ച്.ബിക്കോ സർക്കാരിനോ ബാധ്യതയില്ലാതെ തുക സമാഹരിക്കാവുന്നതാണ്.)

*സർക്കാർ സബ്സിഡി - 25,000 രൂപ അല്ലെങ്കിൽ അടങ്കലിന്റെ 25% തുക ഏതാണോ കുറവ് അത് 2007 -08 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 1.58 കോടി രൂപ ഇതിനായി നീക്കിവെച്ചിട്ടുണ്ട്

| | |
|---|---|
| ബി) നടപ്പുവർഷം ഈ പദ്ധതി പ്രകാരം എത്ര വീടുകളാണ് നിർമ്മിക്കുന്നത്; വീടുകൾ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ ഏതെല്ലാമാണ്; | ബി) നടപ്പുവർഷം പുതുക്കിയ സുരക്ഷാ ഭവന പദ്ധതി പ്രകാരം 1706 വീടുകൾ നിർമ്മിക്കുന്നതിനാണ് ബോർഡ് അനുമതി നൽകിയിട്ടുള്ളത്. വീടുകൾ സ്പോൺസർ |

| | |
|---|---|
| | ചെയ്യുന്ന സന്നദ്ധ സംഘടനകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവയുടെ വിവരവും സ്പോൺസർ ചെയ്യുന്ന വീടുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) വീട് നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ; | സി) വീട് നിർമ്മിക്കുന്നതിന് 25,000 രൂപ സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. ഗുണഭോക്താവ് വീട് നിർമ്മാണം സ്പോൺസറുടെ സഹായത്തോടുകൂടി കൂരമട്ടം എത്തിക്കുമ്പോൾ ഭവന നിർമ്മാണ ബോർഡ് നിർദ്ദേശിഷ്ട പരിശോധനകൾക്കുശേഷം സബ്സിഡി തുക ഗുണഭോക്താവിന് വിതരണം ചെയ്യുന്നതാണ്. |
| ഡി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ? | ഡി) പഴയ സുരക്ഷാ പദ്ധതി (സബ്സിഡി തുക 9000/-രൂപ) പ്രകാരം 2209 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയതിൽ 31-10-08 വരെ 1466 വീടുകൾ പൂർത്തിയായിട്ടുണ്ട്. ഇതിൽ 1278 വീടുകൾ ഈ സർക്കാറിന്റെ കാലത്താണ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. പുതുക്കിയ സുരക്ഷാ ഭവന പദ്ധതി (സബ്സിഡി തുക 25000/-രൂപ)പ്രകാരം 1706 വീടുകൾക്ക് അനുമതി നൽകിയതിൽ 31-10-08 വരെ 439 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 168 01.12.2008 ലെ മറുപടിയ്ക്ക്

**13-ാം ധനകാര്യ കമ്മീഷനു സമർപ്പിക്കുന്ന നിവേദനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. പി. ജയരാജൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എം. എം. മോനായി** | **ശ്രീ. വി. എസ്സ്. അച്യുതാനന്ദൻ,<br>മുഖ്യമന്ത്രി** |
| (എ) 13-ാം ധനകാര്യ കമ്മീഷനു നിവേദനം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി വിളിച്ചുചേർത്ത രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ? | (എ) മൊത്തം വിഭവ വിഭജനത്തിന്റെ 50 ശതമാനം സംസ്ഥാനങ്ങൾക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെടുവാനും ജനസംഖ്യാടിസ്ഥാനത്തിൽ കൂടുതൽ വെയിറ്റേജ് ആവശ്യപ്പെടുക, പദ്ധതിയേതര ഗ്രാന്റ് വർദ്ധിപ്പിക്കത്തക്ക വിധത്തിൽ കണക്കുകൾ ക്രമീകരിക്കുക, സംസ്ഥാനത്തിന്റെ സ്പെഷ്യൽ പ്രശ്നങ്ങൾ ഉൾപ്പെടുത്തുക, കലാമിറ്റി റിലീഫ് ഫണ്ട് കേരളത്തിനനുയോജ്യമായ രീതിയിൽ മാറ്റുക, പഞ്ചായത്തുകൾക്കുള്ള വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുക മുതലായ കാര്യങ്ങൾ ധനകാര്യകമ്മീഷനോട് ആവശ്യപ്പെടുവാനും തീരുമാനമായിട്ടുണ്ട്. |
| (ബി) നികുതിയുടെ 50 ശതമാനം സംസ്ഥാനങ്ങൾക്ക് നീക്കി വയ്ക്കണമെന്ന സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ സമ്മേളനത്തിലെ തീരുമാനം നിവേദനത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ? | (ബി) ഉണ്ട്. |
| (സി) സംസ്ഥാനങ്ങൾ തമ്മിൽ നികുതി പങ്കിടുമ്പോൾ ജനസംഖ്യ മാനദണ്ഡമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ടോ? | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) ഏതെല്ലാം മേഖലകളിലേയ്ക്ക് കൂടുതൽ ധനസഹായം ആവശ്യപ്പെടാൻ തീരുമാനിച്ചു എന്ന് അറിയുമോ? | (ഡി) പഞ്ചായത്തുകൾക്കുള്ള വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും, കലാമിറ്റി റിലീഫ് ഫണ്ട്, പദ്ധതിയേതര ഗ്രാന്റ്, സംസ്ഥാനത്തിന്റെ സ്പെഷ്യൽ പ്രശ്നങ്ങൾ മുതലായ മേഖലകളിലേയ്ക്ക് കൂടുതൽ ധനസഹായം നേടിയെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ മെച്ചപ്പെട്ട ധനകാര്യ കമ്മീഷൻ വിഹിതത്തിനുവേണ്ടി സംസ്ഥാനങ്ങൾക്കുള്ള വിഹിതം മൊത്തം വിഭവത്തിന്റെ 50 ശതമാനമായി ഉയർത്തണമെന്ന് ആവശ്യപ്പെടാൻ ധാരണയായിട്ടുണ്ട്. |
| (ഇ) ധനകാര്യ കമ്മീഷന് നൽകുന്നതിനുള്ള മെമ്മോറാണ്ടത്തിന് എന്ന് അന്തിമരൂപം നൽകാനാണ് തീരുമാനിച്ചത്? | (ഇ) ധനകാര്യ കമ്മീഷന് നൽകുന്നതിനുള്ള മെമ്മോറാണ്ടത്തിന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 169

01/12/2008 - ൽ മറുപടിക്ക്

## നെല്ലു സംഭരണത്തിന് കേന്ദ്രഗവൺമെന്റുമായുള്ള ധാരണാപത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. എം.എ. വാഹീദ് : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനം കേന്ദ്രഗവൺമെന്റുമായി നെല്ലു സംഭരണവും, കേന്ദ്രത്തിൽ നിന്ന് അരിയുടെ ക്വാട്ട ലഭിക്കുന്നതും സംബന്ധിച്ച് എന്തെങ്കിലും ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടുണ്ടോ ;<br><br>ബി) എങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ; | (എ) യും (ബി) യും<br>നെല്ലുസംഭരണം സംബന്ധിച്ചും, അതു വഴി ലഭിക്കുന്ന കുത്തരി കേന്ദ്രപൂളിലേയ്ക്ക് നൽകുന്നത് സംബന്ധിച്ചും 28/06/05-ൽ കേരള സർക്കാർ കേന്ദ്രസർക്കാരുമായി ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. ടി ധാരണാ പത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു എന്നാൽ കെ.എം.എസ്. 2007 - 2008 മുതലുള്ള നെല്ല് സംഭരണത്തിനായി ധാരണാ പത്രത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ 27/05/08 ൽ അറിയിക്കുകയും ആയതിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് അയച്ചു തരികയും സംസ്ഥാന സർക്കാർ അതിൽ ചില മാറ്റങ്ങൾ വരുത്തി 18/09/2008-ൽ കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇതുവരെ അംഗീകാരം നൽകിയതായി അറിയിച്ചിട്ടില്ല. |
| സി) ഈ ധാരണാപത്രം അനുസരിച്ച് സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ലിന്റെ സംഭരണച്ചെലവ്, കടത്ത് ചെലവ്, നെല്ല് അരിയാക്കുന്നതിനുള്ള ചെലവ്, മുതലായയിനങ്ങളിൽ കേന്ദ്രം എന്തെങ്കിലും സഹായം ചെയ്യുമോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) ധാരണാപത്രം അനുസരിച്ച് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന സംഭരണ വില, കടത്തുകൂലി, മില്ലിംഗ് ചാർജ്ജ് എന്നിവ സംസ്ഥാന സർക്കാരിന് നൽകി വരുന്നു. ഇതു കൂടാതെ അധികമായി വരുന്ന സംഭരണ ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. |

| | | |
|---|---|---|
| ഡി) | സംസ്ഥാനത്തു നിന്നും സംഭരിക്കുന്ന അരി സംസ്ഥാനത്തെ എ.പി.എൽ കാർഡ് ഉടമകൾക്ക് റേഷൻ വിലക്ക് വിൽക്കണമെന്ന് കേന്ദ്രവുമായി കേരളം ഉണ്ടാക്കിയിട്ടുള്ള ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ? | (ഡി) സംസ്ഥാനത്ത് നിന്ന് സംഭരിക്കുന്ന അരി അന്ത്യോദയ പോലുള്ള ക്ഷേമപദ്ധതികൾ ഉൾപ്പെടെ പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യാൻ ധാരണാപത്രത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ പുതിയ എം.ഓ.യു. പ്രകാരം സംസ്ഥാനത്തിനാവശ്യമായ അരി ഉപയോഗിച്ചതിന് ശേഷം അധികം വരുന്ന അരി മാത്രമേ കേന്ദ്രപൂളിലേക്ക് നൽകേണ്ടതുള്ളൂ. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 170 — 01.12.08ൽ മറുപടിക്ക്

## പൂവാറിലെ കപ്പൽ നിർമ്മാണശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | തിരുവനന്തപുരത്ത് പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും അന്വേഷണമോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ; | എ & ബി | ഭാരതത്തിന്റെ പടിഞ്ഞാറെ തീരത്ത് ഇന്റർനാഷണൽ ബൈസ് ഷിപ്‌യാർഡ് സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി, ജലം, വൈദ്യുതി എന്നിവയുടെ ലഭ്യത കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞത്തിനടുത്ത് പൂവാർ നിർദ്ദേശിച്ചുകൊണ്ട് ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. |
| ബി | എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | | |
| സി | കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിന് എത്ര സ്ഥലം ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | സി | ഉദ്ദേശം 1000 ഏക്കർ ഭൂമി ആവശ്യമായി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ഡി | പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ? | ഡി | ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.171 — 01.12.2008 ൽ മറുപടിക്ക്

## പറമ്പിക്കുളം അളിയാർ പദ്ധതി സംബന്ധിച്ച കരാർ പുനരവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ശക്തൻ<br>പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പറമ്പിക്കുളം അളിയാർ പദ്ധതി സംബന്ധിച്ച കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച മെമ്മോറാണ്ടവും സപ്ലിമെന്ററി മെമ്മോറാണ്ടവും കേരളവും തമിഴ്നാടും തമ്മിൽ കൈമാറിയതെന്നാണ്; | (എ) | 21.9.1989 ൽ കേരളവും തമിഴ്നാടും തമ്മിൽ മെമ്മോറാണ്ടങ്ങളും 5.11.1992 ൽ കേരളം തമിഴ് നാടിന് സപ്ലിമെന്ററി മെമ്മോറാണ്ടവും കൈമാറി. |
| (ബി) | അതിനുശേഷം കരാർ പുനരവലോകനം ചെയ്യുന്നതിൽ നിന്ന് തമിഴ്നാട് പിന്നോക്കം പോയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ കേരളം ഇതു സംബന്ധിച്ച് അനന്തര നടപടി സ്വീകരിക്കാത്ത-തെന്തെന്ന് വ്യക്തമാക്കുമോ; | (സി) | ഉദിക്കുന്നില്ല. |
| (ഡി) | ഈ പദ്ധതിയിൽ എത്ര സ്ഥലങ്ങളിൽ നിന്ന് തമിഴ്നാട് അനധികൃതമായി വെള്ളം കൊണ്ടുപോകുന്നുണ്ട്; | (ഡി) | കോണ്ടൂർ കനാലിലൂടെ നഷ്ടപ്പെടുന്ന ജലം കൂടാതെ മൂലത്തറ റഗുലേറ്ററിനും മണക്കടവ് വിയറിനും ഇടയ്ക്ക് അഞ്ച് കിലോ മീറ്റർ ദൈർഘ്യം വരുന്നപ്രദേശത്തു നിന്നും തമിഴ് നാട് കർഷകർ പമ്പു സെറ്റുകൾ ഉപയോഗിച്ച് അനധികൃതമായി ജലം പമ്പു ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഇ) | ഇതു തടയാൻ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഇ) | ഇക്കാര്യം ജെ.ഡബ്ളിയു.ആർ ബോർഡ് മീറ്റിംഗുകളിലും അന്തർ സംസ്ഥാന ഉദ്യോഗസ്ഥ തല ചർച്ചകളിലും മന്ത്രിതല, മുഖ്യമന്ത്രിതല ചർച്ചകളിലും തമിഴ് നാട് സർക്കാരിനെ |

| | | | |
|---|---|---|---|
| | | | അറിയിക്കുകയും പ്രതിവിധി നേടാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് തമിഴ് നാട് ഹൈക്കോടതി മണക്കടവിനും മുലത്തറ റഗുലേറ്ററിനും ഇടയ്ക്ക് തമിഴ് നാട് കർഷകർ സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റുകൾ അനധികൃതമാണോ അല്ലയോ എന്ന് അന്തിമ തീരുമാനം എടുക്കണമെന്ന് തമിഴ് നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അനന്തര നടപടികൾ ഉടനെ കേരളത്തിനെ അറിയിക്കുന്നതാണെന്നും ജെ.ഡബ്ളിയൂ.ആർ.ബി മീറ്റിംഗിൽ തമിഴ് നാട് കേരളത്തെ അറിയിച്ചിട്ടുണ്ട്. |
| (എഫ്) | ഇപ്രകാരം വെള്ളം ചോർത്തുന്നതുകൊണ്ട് ഗുണമുണ്ടാകുന്നത് തമിഴ്നാടിനാണോ കേരളത്തിനാണോ എന്ന് വിശദമാക്കുമോ? | (എഫ്) | മണക്കടവ് വിയറിൽ നിന്നും കേരളത്തിനു അളന്നു നൽകുന്ന ജലത്തിൽ നിന്നാണ് തമിഴ് നാട് കർഷകർ അനധികൃതമായി വെള്ളം കൊണ്ടു പോകുന്നത്. അതിനാൽ ഗുണഭോക്താക്കൾ തമിഴ് നാട് കർഷകർ തന്നെയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നം. 172 — 1.12.2008 - ൽ മറുപടിയ്ക്ക്

പദ്ധതി പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: പി. കൃഷ്ണപ്രസാദ്<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>പ്രൊഫ: സി. രവീന്ദ്രനാഥ് | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുമ്പോൾ ഭൗതിക നേട്ടം കൂടി വിലയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട്. |
| സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ ഏതെല്ലാം മേഖലകളിലാണ് മെച്ചപ്പെട്ട പദ്ധതി പ്രവർത്തനം ഉണ്ടായിട്ടുള്ളത്? | ഡി) | താഴെ പറയുന്ന മേഖലകളിലാണ് മെച്ചപ്പെട്ട പദ്ധതിപ്രവർത്തനം ഉണ്ടായിട്ടുള്ളത്.<br>1. സാമൂഹിക വികസനവും പഞ്ചായത്തും<br>2. റോഡുകളും പാലങ്ങളും<br>3. പൊതുവിദ്യാഭ്യാസം<br>4. സാങ്കേതിക വിദ്യാഭ്യാസം<br>5. സ്പോർട്സും യൂത്ത് സർവ്വീസുകളും<br>6. പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ ഇവരുടെ ക്ഷേമം<br>7. പോഷകാഹാരം<br>8. സാമ്പത്തിക ഉപദേശവും സ്ഥിതി വിവര കണക്കുകളും |

ജോയിൻറ് ഡയറക്ടർ (സി.പി.എം.യു)

— —

## പന്ത്രണ്ടാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *173 01.12.2008ൽ മറുപടിയ്ക്ക്

### വന്യജീവി സങ്കേതങ്ങളിലെ ജനവാസ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുധാകരൻ<br>ശ്രീ. ജി. കാർത്തികേയൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ എത്ര ജനവാസകേന്ദ്രങ്ങളുണ്ട് ; | എ. 154 |
| ബി. ഈ ജനവാസ കേന്ദ്രങ്ങളിലുള്ളവരെ മാറ്റി പാർപ്പിക്കണമെന്ന് കേന്ദ്ര നിർദ്ദേശമുണ്ടോ ; | ബി. സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ താമസിക്കുന്നവരെ നിർബന്ധമായി മാറ്റിപാർപ്പിക്കണമെന്ന് കേന്ദ്ര നിർദ്ദേശമില്ല. എന്നാൽ വന്യജീവി സംരക്ഷണ നിയമത്തിന്റെ 2006-ലെ ഭേദഗതി പ്രകാരം കടുവാ സങ്കേതങ്ങളുടെ 'കോർ' പ്രദേശത്ത് താമസിക്കുന്നവർ മാറി താമസിക്കാൻ സ്വമേധയാ തയ്യാറാവുകയാണെങ്കിൽ പരസ്പരം എത്തിച്ചേരുന്ന ധാരണയുടെ അടിസ്ഥാനത്തിൽ അനുവദനീയമായ ധനസഹായം നൽകി മാറ്റി പാർപ്പിക്കാൻ വ്യവസ്ഥയുണ്ട്. |
| സി. ഇങ്ങനെ ഒഴിപ്പിക്കുന്ന ഓരോ കുടുംബത്തിനും കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ നൽകുമെന്ന് വിശദമാക്കുമോ ; | സി. കടുവാ സങ്കേതങ്ങളുടെ 'കോർ' ഏരിയയിൽ നിന്ന് മാറി താമസിക്കാൻ സ്വമേധയാ തയ്യാറായി വരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ കുടുംബത്തിനും കൃഷി ഭൂമിക്കും പാർപ്പിടത്തിനും ഉൾപ്പെടെ 10 ലക്ഷം രൂപ വരെ നൽകാൻ മാർഗ്ഗനിർദ്ദേശമുണ്ട്. |

| | | | |
|---|---|---|---|
| ഡി. | വന്യജീവി സങ്കേതങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലുള്ളവരെ എന്ന് മാറ്റി പാർപ്പിക്കാമെന്നാണ് കരുതുന്നത് ? | ഡി. | വന്യജീവി സങ്കേതങ്ങളിലെ ജനവാസ കേന്ദ്രങ്ങളിലെ മുഴുവൻ കുടുംബങ്ങളെയും മാറ്റിപ്പാർപ്പിക്കാൻ നിലവിൽ പദ്ധതിയില്ല. സ്വമേധയാ മാറി താമസിക്കാൻ സന്നദ്ധമാകുന്ന പക്ഷം ഓരോ സാങ്ച്വറിക്കും പ്രത്യേക പ്രോജക്ട് തയ്യാറാക്കി അനുമതി ലഭിച്ച ശേഷമേ നടപ്പിലാക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 174

01-12-2008 -ൽ
മറുപടിക്ക്

ഉപഭോക്തൃ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) ഉപഭോക്താക്കളുടെ അവകാശങ്ങളെപ്പറ്റിയും താൽപ്പര്യങ്ങളെപ്പറ്റിയും ബോധവൽക്കരിക്കുന്നതിനായി ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ഉപഭോക്താക്കളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ഉപഭോക്തൃ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട പ്രോൽസാഹനം നൽകുക, വിവിധ സെമിനാറുകൾ സംഘടിപ്പിക്കുക, ലഘുലേഖകൾ, ഹാന്റ് ബുക്ക് എന്നിവ അച്ചടിച്ച് വിതരണം നടത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായ ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ |

| | |
|---|---|
| | രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. അതോടൊപ്പം ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി തലസ്ഥാനത്ത് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലകളിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ പരാതികൾ ഫോറങ്ങൾക്ക് പുറത്ത് പരിഹരിക്കുന്നതിനും സംശയ നിവാരണത്തിനുമായി കൺസ്യൂമർ ഹെൽപ്പ് ലൈനും സ്കൂൾ കുട്ടികൾക്കിടയിൽ ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി തിരഞ്ഞെടുത്ത 100 സ്കൂളുകളിൽ കൺസ്യൂമർ ക്ളബുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) സംസ്ഥാന കൺസ്യൂമർ കമ്മീഷനിലും ജില്ലാ ഫാറങ്ങളിലും നിലവിലുണ്ടായിരുന്ന ഒഴിവ് നികത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ വർഷം ഇതുവരെ എത്ര പുതിയ കേസുകൾ ജില്ലാ ഫാറങ്ങളിൽ എത്തി എന്ന് അറിയിക്കുമോ; | (സി) 31-10-2008 വരെ 4046 കേസ്സുകൾ. |
| (ഡി) സംസ്ഥാന കമ്മീഷന്റെയും ജില്ലാ ഫാറങ്ങളുടെയും പ്രവർത്തനം കാര്യക്ഷമ | (ഡി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ലൈബ്രറി പുസ്തകങ്ങൾ, ഫോട്ടോ കോപ്പി |

മാക്കുന്നതിന് അവിടങ്ങളിലെ
അടിസ്ഥാന സൗകര്യങ്ങൾ
വികസിപ്പിക്കുവാൻ നടപടി
സ്വീകരിക്കുമോ?

യറുകൾ, ഫാക്സ് മെഷീനുകൾ ഫർണിച്ച
റുകൾ എന്നിവ നൽകിയിട്ടുണ്ട്.
കേസ്സുകൾ തീർപ്പാക്കുന്നതിലെ വേഗതയും
കാര്യക്ഷമതയും വർദ്ധിപ്പിക്കുക,
പരാതിക്കാരന് പരാതിയിൻമേലുള്ള സ്ഥിതി
നേരിട്ട് അറിയുക എന്നീ ലക്ഷ്യത്തോടെ
സംസ്ഥാന കമ്മീഷനേയും ജില്ലാ
ഫോറങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട്
കമ്പ്യൂട്ടറൈസേഷന് നടപ്പിലാക്കി.
സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത
11 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര
ഫോറങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ
വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 175 | 01.12.2008-ൽ മറുപടിക്ക്.

## ഭരണ പരിഷ്ക്കാര കമ്മീഷൻ ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.വേണുഗോപാൽ | ശ്രീ. വി.എസ്.അച്യുതാനന്ദൻ, മുഖ്യമന്ത്രി |
| എ) ഭരണ പരിഷ്ക്കാര കമ്മീഷൻ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിക്കാൻ ഉദ്ദേശമുണ്ടോ; | എ) ഇത്തരത്തിലൊരു കമ്മിറ്റിയെ നിയമിക്കുന്നകാര്യം പരിഗണനയിലില്ല. |
| ബി) പ്രസ്തുത കമ്മിറ്റി എന്ന് രൂപീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | ബി) ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *176 01.12.2008-ലെ മറുപടിയ്ക്ക്

ഇക്കോടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ. ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | എ. പ്രാദേശികമായി രൂപീകരിക്കപ്പെട്ടിട്ടുള്ള വന സംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും വഴി 42 ഇക്കോ ടൂറിസം പദ്ധതികൾ ഇതിനകം നടപ്പിലാക്കി വരുന്നുണ്ട്. |
| ബി. പദ്ധതിയുടെ ഭാഗമായി വിനോദ സഞ്ചാരികൾക്ക് വനാന്തർഭാഗത്തെക്കുറിച്ച് സൂക്ഷ്മമായ വിവരങ്ങൾ നൽകുന്നതിനായി ആദിവാസികളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇവർക്ക് ആവശ്യമായ പരിശീലനം നൽകുമോ ; | ബി. വി.എസ്.എസ്/ഇ.ഡി.സി. അംഗങ്ങളായ ആദിവാസികളുടെ സേവനം ഇപ്പോൾത്തന്നെ കഴിയുന്നത്ര പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ഇവർക്കാവശ്യമായ പരിശീലനം ഇക്കോ ടൂറിസം ഡയറക്ടറേറ്റിന്റെ സഹായത്തോടു കൂടി നൽകി വരുന്നു. |
| സി. പരിസ്ഥിതി പഠനത്തിനായി വനത്തിൽ എത്തുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും വനവാസികൾക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | സി. നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 177 — 01-12-2008 - ൽ മറുപടിക്ക്

## സംസ്ഥാനത്തെ ഉദ്യോഗസ്ഥ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | **ശ്രീ. വി.എസ്. അച്യുതാനന്ദൻ**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്തെ ഉദ്യോഗസ്ഥ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ കണക്കിലെടുത്ത് എല്ലാ വകുപ്പുകളിലും പൗരാവകാശരേഖ രൂപീകരിക്കുന്നതിനും എൻക്വയറി കൗണ്ടർ തുടങ്ങുന്നതിനും ഗവൺമെന്റ് ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പൊതുജനങ്ങൾ കൂടുതലായി സമീപിക്കുന്ന റവന്യൂ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, സിവിൽ സപ്ലൈസ്, മോട്ടോർ വെഹിക്കിൾസ് തുടങ്ങിയ ഗവൺമെന്റ് വകുപ്പുകളും കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും പൗരാവകാശരേഖ രൂപീകരിക്കുന്നതിനായി ആദ്യഘട്ടമായി തെരഞ്ഞെടുക്കുകയും അവിടെയെല്ലാം പൗരാവകാശരേഖ തയ്യാറാക്കുകയും ചെയ്തു. പൊതു ജനങ്ങൾ കൂടുതലായി സമീപിക്കുന്ന റവന്യൂ, സിവിൽ സപ്ലൈസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മോട്ടോർ വെഹിക്കിൾസ്, പൊതുമരാമത്ത് തുടങ്ങിയ ഗവൺമെന്റ് വകുപ്പുകളിൽ നിലവിലിരിക്കുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ മാന്വലുകൾ, റൂളുകൾ, ആക്ടുകൾ എന്നിവ പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എൻക്വയറി കൗണ്ടർ തുറക്കുക വഴി പൊതു ജനങ്ങളുടെ പരാതികളും അവരുടെ ആവശ്യങ്ങളും പരിഹൃതമാകുന്നതിനുള്ള വഴി തെളിഞ്ഞി |

ട്ടുണ്ട്. താഴെത്തട്ടിൽ താലൂക്കുതലം വരെയുള്ള ഓഫീസുകളിൽ എൻക്വയറി കൗണ്ടർ തുറക്കുക വഴി ഓരോ വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരവും ജനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടേയും പരാതിയുടേയും അവസ്ഥയും പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്നുണ്ട്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പല മേഖലയിലും സമ്പൂർണ്ണ അധികാരം നൽകിയതും ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ്. കൂടാതെ ഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തുന്നുമുണ്ട്. സെക്രട്ടേറിയറ്റിലെ ഭരണ നിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാല താമസം ഒഴിവാക്കുന്നതിനുമായി സെക്രട്ടേറിയറ്റ് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ കൃത്യമായി എല്ലാ മാസവും സ്റ്റാഫ് മീറ്റിങ്ങുകൾ കൂടി ഓരോ വകുപ്പിന്റേയും പ്രവർത്തനവും പ്രധാനപ്പെട്ട വിഷയങ്ങളും അവലോകനം ചെയ്യണമെന്നും ഗവൺമെന്റ് സെക്രട്ടറിമാർക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ഭരണപരമായ കഴിവു വർദ്ധിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിലും മറ്റു പരിശീലന സ്ഥാപനങ്ങളിലും പല വിഷയങ്ങളിലും ട്രെയിനിംഗ് നൽകുന്നുണ്ട്. സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവയിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കി വരുന്ന ഒരു ഉദ്യമമാണ് സെക്രട്ടേറിയറ്റിനും തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകൾക്കും വേണ്ടിയുള്ള സേവന പ്രദാന നയം. ഇതിന്റെ ഭാഗമായി ആരോഗ്യം, റവന്യൂ, രജിസ്ട്രേഷൻ, ഭക്ഷ്യ പൊതു വിതരണം, പൊതു വിദ്യാഭ്യാസം, ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, വൊക്കേഷണൽ ഹയർ

സെക്കന്ററി എഡ്യൂക്കേഷൻ, സാമൂഹ്യ ക്ഷേമം, എന്നീ വകുപ്പുകൾ തങ്ങളുടെ വകുപ്പുതല സേവന പ്രദാന തന്ത്രങ്ങൾക്ക് അന്തിമ രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്.

സർക്കാർ തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് വിവിധ വകുപ്പുകളിൽ പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി ശുപാർശകൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഇതിനകം 24 വകുപ്പുകളിൽ ഇത്തരത്തിലുള്ള പഠനം നടത്തി ശുപാർശകൾ നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകളിലും പഠനം നടത്തുന്നുണ്ട്.

ഭരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസവും കുടിശ്ശികയും ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്. ഫയലുകൾ ശരിയായവിധം പരിശോധിക്കാതെയും അനാവശ്യമായിവച്ചു താമസിപ്പിച്ചും തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാക്കരുതെന്ന് 18.06.2007ലെ15482/ ആർ.2/06/ഉഭപവ നമ്പർ സർക്കുലർ പ്രകാരം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഉദ്യോഗസ്ഥർ കൃത്യമായി ഹാജരാകണമെന്ന് നിഷ്ക്കർഷിച്ചും അതിനുള്ള നടപടികൾ വ്യവസ്ഥ ചെയ്തുകൊണ്ടും 14.05.2008-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജില്ലാതലത്തിലും താഴെതട്ടിലുമുള്ള ഓഫീസുകളിൽ അടിസ്ഥാന സൗകര്യവികസനത്തിലും സ്റ്റേഷനറി വസ്തുക്കളുടെ ലഭ്യതക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ബഡ്ജറ്റു വിഹിതത്തിന്റെ ലഭ്യതയ്ക്കു വിധേയമായി ജില്ലാ തലത്തിലും താഴെ തട്ടിലുമുള്ള ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചു വരുന്നു. ഓഫീസുകളുടെ കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഫർണിച്ചറുകൾ ലഭ്യമാക്കുക, കംപ്യൂട്ടർ സംവിധാനം, ഫാക്സ് മെഷീൻ, ഫോട്ടോസ്റ്റാറ്റ് മെഷീൻ തുടങ്ങിയ ഓഫീസുകളുടെ ആവശ്യത്തിനുള്ള

ആധുനിക സാങ്കേതിക ഉപകരണങ്ങൾ നൽകുക എന്നിവ ഇതിന്റെ ഭാഗമായി ചെയ്തുവരുന്ന പൊതുവായ നടപടികളാണ്. ജില്ലാ, താലൂക്ക് തലംവരെ യുള്ള എല്ലാ സംസ്ഥാന സർക്കാർ ഓഫീസുകൾക്കും ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ സ്റ്റേഷനറി വകുപ്പിന്റെ ജില്ലാതല ഓഫീസുകൾവഴി നേരിട്ടുതന്നെ വിതരണം നടത്തുന്നുണ്ട്. വിവിധ സർക്കാർ വകുപ്പുകളുടെ താലൂക്ക് തലത്തിന് താഴെയുള്ള ഓഫീസുകൾക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ കൂടി താലൂക്ക്തല ഓഫീസുകൾക്ക് നൽകുകയും, ടി ഓഫീസുകൾ അത് അവിടെനിന്നും താഴേത്തട്ടിലുള്ള ഓഫീസുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ ആരോഗ്യ വകുപ്പിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് സ്റ്റേഷനറി വകുപ്പിൽ നിന്നും നേരിട്ട് തന്നെ സ്റ്റേഷനറി സാധനങ്ങൾ കൈപ്പറ്റുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

| | | | |
|---|---|---|---|
| (സി) | ഓരോ വകുപ്പിന്റെയും ഡയറക്ടറേറ്റു കളിലും ജില്ലാ ഓഫീസുകളിലും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കാൻ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടിയെടു ക്കുമോ; | (സി) | ഇതു സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | ജനകീയ പ്രശ്നങ്ങളിൽ പെട്ടെന്ന് തീർപ്പുകല്പിക്കുന്ന രീതിയിൽ ഉദ്യോഗസ്ഥ സംവിധാനം പുന: സംഘടിപ്പിക്കുമോ; വിശദാംശം അറിയിക്കുമോ; | (ഡി) | ജനകീയ പ്രശ്നങ്ങളിൽ പെട്ടെന്ന് തീരുമാനമെടുക്കുന്നതിനുതകുന്ന രീതിയിൽ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഭരണ സംവിധാനം മെച്ചപ്പെടു ത്തുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരി ക്കുന്നതിനുമുള്ള ശുപാർശകൾ സമർപ്പിക്കു ന്നതിനായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശ കണക്കിലെടുത്ത് എല്ലാ വകുപ്പുകളിലും പൗരാവകാശരേഖ രൂപീകരി |

| | | | |
|---|---|---|---|
| | | | ക്കുന്നതിനും എൻക്വയറി കൗണ്ടർ തുടങ്ങുന്നതിനും ഗവൺമെന്റ് ഓഫീസുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും തീരുമാനി ക്കുകയുണ്ടായി. റവന്യൂ, സിവിൽ സപ്ലൈസ്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മോട്ടോർ വെഹിക്കിൾസ്, പൊതുമരാമത്ത് തുടങ്ങിയ ഗവൺമെന്റ് വകുപ്പുകളിൽ നിലവിലിരിക്കു ന്നതും ഉപയോഗത്തിലിരിക്കുന്നതുമായ മാന്വലുകൾ, റൂളുകൾ, ആക്ടുകൾ എന്നിവ പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരി ച്ചിട്ടുണ്ട്. എൻക്വയറി കൗണ്ടർ തുറക്കുക വഴി പൊതുജനങ്ങളുടെ പരാതികളും അവരുടെ ആവശ്യങ്ങളും പരിഹൃതമാകുന്ന തിനുള്ള വഴി തെളിഞ്ഞിട്ടുണ്ട്. താഴെ ത്തട്ടിൽ താലൂക്കുതലം വരെയുള്ള ഓഫീസുകളിൽ എൻക്വയറി കൗണ്ടർ തുറക്കുക വഴി ഓരോ വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളുടെ വിവരവും ജനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷയുടേയും പരാതി യുടേയും അവസ്ഥയും പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്നുണ്ട്. |
| (ഇ) | ഭരണപരിഷ്കരണ കമ്മീഷൻ ശുപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ? | (ഇ) | മൂന്നാമത്തെ ഭരണ പരിഷ്കാര കമ്മിറ്റി പതിനഞ്ചു റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 11 റിപ്പോർട്ടുകളിലെ (1,2,3,4,6,7,8,10,11,12, 13) മിക്ക ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കി വരികയും ചെയ്യുന്നു. ബാക്കിയുള്ള നാല് (5,9,14,15) റിപ്പോർട്ടുകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *178 — 01.12.2008ൽ മറുപടിക്ക്

### ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് നേരെയുള്ള കയ്യേറ്റങ്ങൾ

**ചോദ്യം**

ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴികാടൻ

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

എ. നമ്മുടെ സംസ്ഥാനത്തിന്റെ വന സമ്പത്ത് കാത്തുസൂക്ഷിക്കുവാൻ വനം വകുപ്പിൽ ഏതൊക്കെ വിഭാഗം ഉദ്യോഗസ്ഥരാണ് സേവനമനുഷ്ഠിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

എ. റെയിഞ്ചർ, ഡെപ്യൂട്ടി റെയിഞ്ചർ, ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ്, റിസർവ്വ് വാച്ചർ എന്നീ തസ്തികയിലുള്ള സംരക്ഷണ വിഭാഗം ജീവനക്കാരാണ് പ്രധാനമായും വനസമ്പത്ത് കാത്തു സൂക്ഷിക്കുവാൻ ചുമതലപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ. ഫോറസ്റ്റ് ഡിവിഷൻ തലത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, മേഖലാ തലത്തിൽ കൺസർവേറ്റർമാരും, സംസ്ഥാനതലത്തിൽ മുഖ്യ വനപാലകരും മേൽ നോട്ടം വഹിക്കുന്നു.

ബി. പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർക്ക് എന്തൊക്കെ ആധുനിക ഉപകരണങ്ങളാണ് കൃത്യനിർവ്വഹണത്തിനായി നൽകിയിട്ടുള്ളത് ;

ബി. സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് വാഹനങ്ങൾ, വയർലെസ്, ടെലഫോൺ, തോക്കുകൾ എന്നിവ കൃത്യനിർവ്വഹണത്തിനായി നൽകിയിട്ടുണ്ട്. കൂടാതെ വനാതിർത്തികൾ അളക്കുവാൻ ജി.പി.എസ്. ടോട്ടൽ സ്റ്റേഷൻ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

സി. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് നേരെയും ഫോറസ്റ്റ് ഓഫീസുകൾക്ക് നേരെയും കൂടെക്കൂടെ ഉണ്ടാകുന്ന കയ്യേറ്റ ശ്രമങ്ങൾ ഫലപ്രദമായി തടയുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ; ഇക്കാര്യത്തിനായി പുതുതായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏപ്രകാരമെന്നു വിശദമാക്കുമോ ?

സി. വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്കെതിരെയും വനം വകുപ്പ് ഓഫീസുകൾക്കു നേരെയുമുള്ള കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് അതാത് സ്ഥലത്തെ ജില്ലാ കളക്ടർ, പോലീസ് സുപ്രണ്ട് എന്നിവരുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും സഹായം തേടാറുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 179 — 01.12.2008-ൽ മറുപടിക്ക്.

## സ്റ്റേറ്റ് സർവീസുകളുടെ പരിഷ്കരണം

ശ്രീ.പി.കെ. അബ്ദുറബ്ബ്

ശ്രീ.വി.എസ്.അച്യുതാനന്ദൻ
മുഖ്യമന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| (എ) സ്റ്റേറ്റ് സർവീസുകൾ പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) സ്റ്റേറ്റ് സർവ്വീസുകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് സർക്കാർ ആലോചിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) 1957-ൽ അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്.നമ്പൂതിരിപ്പാടിൻെറയും 1965-ൽ എം.കെ.വെള്ളോടി ഐ.സി.എസ്.ൻേറയും 1997-ൽ അന്നത്തെ മുഖ്യമന്ത്രി ഇ.കെ.നായനാരുടേയും അദ്ധ്യക്ഷതയിൽ രൂപീകൃതമായ ഭരണപരിഷ്ക്കാര കമ്മീഷനുകൾ സംസ്ഥാന സർവ്വീസുകൾ കാലാനുസൃതമായിപരിഷ്ക്കരിക്കുന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ടുകൾസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ഒട്ടുമിക്ക |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളും സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | എന്നുമുതൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | സ്റ്റേറ്റ് സർവ്വീസ്സുകൾ പരിഷ്ക്കരിക്കുക എന്നത് ഒരു തുടർപ്രക്രിയയാണ്. സർക്കാരിന്റെ ജനക്ഷേമപരിപാടികളും പ്രവർത്തനങ്ങളും സാമാന്യജനങ്ങൾക്ക് പ്രാപ്യമാകുന്ന രീതിയിൽ സിവിൽ സർവ്വീസിന്റെ പ്രവർത്തനം ക്രോഡീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | സർവീസ്പരിഷ്ക്കരിക്കുന്ന കാര്യം ആലോചിച്ചിട്ടില്ലെങ്കിൽ ഇത് പരിഗണിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 180

1.12.2008 ൽ
മറുപടിയ്ക്ക്

## വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. ജോസഫ് എം. പുതുശ്ശേരി ;
ശ്രീ. റോഷി അഗസ്റ്റിൻ ;
ശ്രീ. തോമസ് ചാഴികാടൻ ;

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) വിദേശസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ ടൂറിസം വകുപ്പ് പ്രത്യേക പ്രചരണ പരിപാടികൾ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി പ്രതിവർഷം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; ഏതെങ്കിലും സ്വകാര്യ പരസ്യ ഏജൻസിയെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) പ്രചരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

(എ) ഉണ്ട്.

(ബി) യും (സി) യും.

മേൽപറഞ്ഞ പ്രചരണ പരിപാടികൾക്കായി Stark Communication, TBW, Concept Communication തുടങ്ങിയ വിവിധ ഏജൻസികളെ എംപാനൽ ചെയ്തു വരുന്നു. പ്രചരണ പരിപാടിയുടെ ഭാഗമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. ഇത് പൂർത്തിയാകുന്നതോടുകൂടി മാത്രമേ പ്രതിവർഷ ചെലവും മറ്റു വിശദാംശങ്ങളും അറിയാൻ കഴിയൂ.

സെക്ഷൻ ഓഫീസർ